**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2492**

**18.06.2014** ൽ മറുപടിക്ക്

<u>റാന്നി ഗവൺമെന്റ് ഐ.ടി.ഐ ക്ക് ഭൂമി</u>

| <u>ചോദ്യം</u><br>ശ്രീ. രാജു എബ്രഹാം | <u>മറുപടി</u><br><u>ശ്രീ.പി.ജെ.ജോസഫ്</u><br><u>(ജലവിഭവവകുപ്പ് മന്ത്രി)</u> |
|---|---|
| (എ) റാന്നി ഉതിമൂട്ടിൽ ഉപയോഗിക്കാതെ കിടക്കുന്ന പി.ഐ.പി. വക ഭൂമി റാന്നി ഗവൺമെന്റ് ഐ.ടി.ഐ ക്ക് കൈമാറുന്നതു സംബന്ധിച്ച് റാന്നി എം.എൽ.എ ജലവിഭവ വകുപ്പുമന്ത്രിക്ക് എന്നാണ് കത്ത് നൽകിയിരുന്നത്; ഈ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;<br><br>(ബി) ചീഫ് എഞ്ചിനീയർ പ്രോജക്ട്-II സർക്കാരിലേക്ക് എന്നാണ് റിപ്പോർട്ട് നൽകിയത്; ഈ ഫയൽ വീണ്ടും തിരികെ അയയ്ക്കാൻ കാരണമെന്തെന്ന് വിശദമാക്കുമോ;<br><br>(സി) വിശദമായ സ്കെച്ച് സഹിതം റിപ്പോർട്ട് നൽകണമെന്നാവശ്യപ്പെട്ട് എന്നാണ് ചീഫ് എഞ്ചിനീയർക്ക് കത്തു നൽകിയത്; റിപ്പോർട്ടിനായുള്ള ഈ ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ഓഫീസുകളിലേക്ക് ഓരോരുത്തരും അയച്ചതിന്റെയും ഫയൽ നമ്പരും തീയതിയും ഇനംതിരിച്ച് വ്യക്തമാക്കുമോ; | (എ) (ബി) & (സി) ഈ ആവശ്യമുന്നയിച്ച് റാന്നി എം.എൽ.എ ശ്രീ. രാജു എബ്രഹാം 12-05-2010 ലും 03-01-2013 ലും ബഹു. ജലവിഭവ മന്ത്രിയ്ക്ക് കത്തുകൾ നൽകിയിരുന്നു. ആദ്യ കത്തിൻമേൽ പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചിരുന്നുവെങ്കിലും ഭൂമി കൈമാറുവാൻ ഉത്തരവായിരുന്നില്ല. ഇതേത്തുടർന്ന് 03-01-2013 ൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ചതുപ്രകാരം 30-04-2013 ൽ ചീഫ് എഞ്ചിനീയർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ഇത് പരിശോധിച്ച് പ്രസ്തുത സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐയ്ക്ക് വേണ്ടി വിട്ടുനൽകേണ്ടതായതിനാൽ ടി വകുപ്പ് അധികാരികളെ കൂടി ഉൾപ്പെടുത്തി റവന്യൂ തലത്തിൽ വിശദമായ സ്ഥല പരിശോധന നടത്തി വിട്ടു നൽകേണ്ട ഭൂമിയുടെ കൃത്യമായ അളവും അതിരും നിർണ്ണയിച്ച് സർവ്വേ നമ്പരും സ്കെച്ചും സഹിതമുള്ള വിവരങ്ങൾ സർക്കാരിനു സമർപ്പിക്കുവാൻ 16-08-2013 ലെ കത്തു പ്രകാരം ചീഫ് എഞ്ചിനീയർക്കു നിർദ്ദേശം നൽകി.<br>ടി കത്ത് 21-08-13 ലെ മേലെഴുത്ത് നം. പിജി 2-2323/10 -ാം നമ്പർ കത്ത് പ്രകാരം റിപ്പോർട്ടിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും അയച്ചു. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 23-09-2013 ലെ മേലെഴുത്ത് നം. ഇ6-249/13 പ്രകാരം പി.ഐ.പി. ചെങ്ങന്നൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചു. തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 04-10-2013 ലെ മേലെഴുത്ത് നമ്പർ ഇ1.1054/2013 പ്രകാരം കോഴഞ്ചേരി പി.ഐ.പി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി. |

| Question | Answer |
| --- | --- |
| (ഡി) പ്രസ്തുത ഓഫീസിൽ നിന്ന് റിപ്പോർട്ട് മേലാഫീസുകളിലേക്ക് അയച്ച തീയതികൾ ഏതൊക്കെ എന്ന് ഓഫീസിന്റെ പേരു സഹിതം വ്യക്തമാക്കുമോ;<br><br>(ഇ) ഈ റിപ്പോർട്ട് എന്നാണ് ജലവിഭവ വകുപ്പിൽ എത്തിയത്; ഇപ്പോൾ ഈ ഫയൽ ഏത് തലത്തിലാണുള്ളത്; സ്ഥലം കൈമാറ്റത്തിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഡി) & (ഇ) റാന്നി തഹസീൽദാർ 20-02-2014 ൽ കത്ത് നം. സി 7/9153/13 പ്രകാരം കൈമാറുവാൻ ആവശ്യപ്പെട്ട സ്ഥലത്തിന്റെ സർവ്വേ നമ്പർ, അതിർത്തി, അളവ് എന്നിവ രേഖപ്പെടുത്തിയ സ്കെച്ച് പി.ഐ.പി. മണിയാർ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുകയും ടി രേഖകൾ 14-03-2014 ൽ ഡിബി 2/89-ാം നമ്പർ കത്ത് പ്രകാരം കോഴഞ്ചേരി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ നിന്നും ചെങ്ങന്നൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ നൽകുകയും തുടർന്ന് 19-03-14 ൽ കത്ത് നം. ഇ. 1054/2013 പ്രകാരം ടി രേഖകൾ പിറവം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകുകയും ചെയ്തു. സുപ്രണ്ടിംഗ് എഞ്ചിനീയറുടെ 04-04-2014 തീയതിയിലെ ഇ6-249/13-ാം നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചു. ചീഫ് എഞ്ചിനീയറുടെ 12-05-14 തീയതിയിലെ പിജി2 2323/10 -ാം നമ്പർ കത്ത് പ്രകാരം സ്കെച്ച് സഹിതം സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട് 22-05-14 ൽ ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് മന്ത്രി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ